കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/53/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി: 29/01/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുലാമന്തോൾ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

*****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

എബികെ 02/19

നം. കെ.എസ്.എ.എം.പി.എം.27/53/2019

തിയ്യതി: 29/01/2019

# മലപ്പുറം ജില്ലയിലെ പുലാമന്തോൾഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.06.2017 മുതൽ 24.12.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.12.2018 മുതൽ 05.01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസ്സീർ .ടികെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സന്തോഷ് . | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. യൂസഫ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അമീൻ ഫൈസൽ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.വി.പി. മുഹമ്മദ് ഹനീഫ | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. പി.കെ .ഖാലിദ് | 01.04.2017 മുതൽ 19.6.2017 വരെ |
| ശ്രീ.എം.എം.നാരായണൻ | 20.6.2017 മുതൽ 24.6.2017 വരെ |
| ശ്രീ.പ്രഭാകരൻ | 25.6.2017 മുതൽ 05.7.2017 വരെ |
| ശ്രീ.എം.എം.നാരായണൻ | 06.7.2017 മുതൽ 19.7.2017 വരെ |
| ശ്രീ.പ്രഭാകരൻ | 20.7.2017 മുതൽ 5.8.2017 വരെ |
| ശ്രീ.എം.എം.നാരായണൻ | 06.8.2017 മുതൽ 23.8.2017 വരെ |
| ശ്രീമതി.സുധ.എസ് | 24.8.2017 മുതൽ 19.1.2018 വരെ |
| ശ്രീ.പി.പി.വിനോദ് | 20.1.2018 മുതൽ 31.3.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.എം.എം.നാരായണൻ | 01.04.2017മുതൽ31.03.2018വരെ |
| അസി. എഞ്ചിനിയർ | ശ്രീ. അരുൺ | 01.04.2017മുതൽ31.03.2018വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജയചിത്ര | 01.04.2017മുതൽ13.12.2017വരെ |
| | ശ്രീ.സാജൻ | 14.12.2017 മുതൽ31.3.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.ഉണ്ണികൃഷ്ണൻ | 01.04.2017മുതൽ 7.11.2017വരെ |
| | ശ്രീമതി.പ്രശാന്തി | 08.11.2017 മുതൽ31.3.2018വരെ |
| വെറ്റിനറി സർജൻ | ഡോ.സവിത | 01.04.2017 മുതൽ31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിലാസിനി | 01.04.2017മുതൽ31.03.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അച്യുതൻ മാസ്റ്റർ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.ഭവിത | 01.04.2017 മുതൽ19.2.2018വരെ |
| | ഡോ.ഷബാന | 20.2.2018മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ | |

| | | |
|---|---|---|
| പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ടെൻണ്ടർ ഫീ -പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| 14 | രസീതി ബുക്കുകൾ പരിശോധന- അപാകതകൾ | 2-2 |
| 15 | റെഗുലറൈസേഷൻ/വസ്തു നികുതി സംബന്ധിച്ച് | 2-3 |
| 16 | വസ്തു നികുതി- പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്ന ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 |
| 17 | ബിൽഡിംഗ് പെർമിറ്റ്/ റെഗുലറൈസേഷൻ -സംബന്ധിച്ച്. | 2-5 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 18 | കൺവീനർക്ക് അധിക തുക നൽകിയത് സംബന്ധിച്ച് | 3-1 |
| 19 | മരാമത്ത് -ബിൽഡിംഗ് പ്രവർത്തിയിലെ സർവ്വീസ് ടാക്സ് അടവാക്കിയില്ല | 3-2 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം | 3-3 |
| 21 | മരാമത്ത് പ്രവർത്തികൾ -അവലോകനം | 3-4 |
| 22 | കുടിവെള്ള പദ്ധതി/ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ -ആസ്തിയിൽ | 3-5 |

| | | |
|---|---|---|
| | ഉൾപ്പെട്ടിട്ടില്ല | |
| 23 | റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കാതെ കോൺട്രാക്ടർക്ക് ടെണ്ടർ തുകയിൽ അധികരിച്ച് തുക നൽകി | 3-6 |
| 24 | പട്ടിക ജാതിക്കാരായ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ - പദ്ധതിയിലെ അപാകതകൾ | 3-7 |
| 25 | കുടിവെള്ള കണക്ഷൻ നൽകൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-8 |
| 26 | തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രൊജക്ട് - അപാകതകൾ | 3-9 |
| 27 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 3-10 |
| 28 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-മുഴുവൻ തുകയും നൽകിയില്ല. | 3-11 |
| 29 | വനിതകൾക്ക് ഫലവൃക്ഷതൈ വിതരണം-രേഖകൾ ഹാജരാക്കിയില്ല. | 3-12 |
| 30 | അഗതിരഹിതകേരളം പദ്ധതി അംഗീകാരമായില്ല | 3-13 |
| 31 | ജൈവവൈവിധ്യ രജിസ്റ്റർ-വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. | 3-14 |
| 32 | ചെലവഴിക്കാത്ത തുക തിരിച്ച നൽകേണ്ടതാണ്. | 3-15 |
| 33 | രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് | 3-16 |
| 34 | തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യൽ (A.M.C) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-17 |
| 35 | ഇൻകം ടാക്സ് റിക്കവറി -മാസംതോറും തുക അടവാക്കിയില്ല | 3-18 |
| 36 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. | 3-19 |
| 37 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 3-20 |
| 38 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-21 |
| ഭാഗം IV ഓഡിറ്റ് പ്രത്യവലോകനം | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 49 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
|---|---|
| 29.03.2017 ലെ (1) തീരുമാനം | 31.03.2018 ലെ 4(1) തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 മുതൽ 12.06.2018 വരെ. | കെ.എസ്.എ.എം.പി.എം.27/1317 /2018/03.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8371266 |
| വരവ് | 78399310 |

| | |
|---|---|
| ആകെ | 86770576 |
| ചെലവ് | 81679970 |
| നീക്കിബാക്കി | 5090606 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16822000 | 16822000 | 16731807 | 90193 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5949364 | 5949364 | 5948105 | 1259 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 10996 | 10996 | 10996 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10031000 | 10031000 | 10031000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3776000 | 3776000 | 2874479 | 901521 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7900855 | 7900855 | 7900855 | 0 |
| കെ.എൽ.ജി.എസ്.ഡി.പി. | 0 | 448510 | 448510 | 400000 | 48510 |
| സാക്ഷരത | 5196 | 210 | 5406 | 0 | 5406 |
| എസ്.എസ്.എ | 6434 | 239 | 6673 | 0 | 6673 |
| ദുരിതാശ്വാസ നിധി | 5212 | 1500 | 6712 | 0 | 6712 |
| ടി.എസ്.സി | 916693 | 462481 | 1379174 | 361883 | 1017291 |
| എം.ജി.എൻ.ആർഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 5824095 | 5824095 | 5824095 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിമിനിസ്ട്രേറ്റീവ് ചെലവ്) | 20069 | 601878 | 621947 | 554156 | 67791 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | | 1337500 | 1337500 | 1331400 | 6100 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | | 2202500 | 2202500 | 2202400 | 100 |
| ബി ഫണ്ട് | 0 | 56745100 | 56745100 | 56745100 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 3674735 | 12335000 | 16009735 | 7839264 | 4495736 |
| തനത് ഫണ്ട്- SBI- SB | 1200912 | 5003684 | 6204596 | 6115090 | 89506 |
| തനത് ഫണ്ട്- SBI- Current AC | 8028 | 95556 | 103584 | 11927 | 91657 |
| PSB തനത് ഫണ്ട് | 2533987 | 12156832 | 14690819 | 10985501 | 3705318 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 206 | 74572786 | 187 | 59565722 | 19 | 0 | 90.77 |

## 1-7 തൊഴിലുറപ്പ് പദ്ധതി-അവലോകനം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 20069 | 601878 | 621947 | 554156 | 67791 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5824095 | 5824095 | 5824095 | 0 |
| ആകെ | 20069 | 6425973 | 6446042 | 6378251 | 67791 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 23400 | 39 |
| കർഷകതൊഴിലാളിപെൻഷൻ | 8289400 | 713 |
| വിധവാപെൻഷൻ | 18523100 | 1582 |
| വാർദ്ധക്യകാലപെൻഷൻ | 22899800 | 1928 |
| വികലാംഗപെൻഷൻ | 5654000 | 469 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 835400 | 76 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 22.12.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക 9344/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – പഞ്ചായത്ത് തെരുവ് വിളക്കുകളുടെ ആസ്തിവിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.സ്റ്റീറ്റ്ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.രസീതി ബുക്ക് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.വി.ഇ.ഒ, അസി. എൻജിനീയർ എന്നിവർ പ്രൊജക്റ്റ് രജിസ്റ്റർ എഴുതുന്നില്ല.അസി. എൻജിനീയർ ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തുകയോ സംക്ഷിപ്തം എഴുതുകയോ ചെയ്യുന്നില്ല.എല്ലാ ചെലവുകളും ക്യാഷ് ബുക്കിൽ ചേർക്കുന്നില്ല.(ഉദാ-ബ്ലോക്ക് വിഹിതം ഉപയോഗിച്ചുള്ള ചെലവ് ),ടെണ്ടർ ഫോം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ആസ്തിസംരക്ഷണം- പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ളതും തനത് ആസ്തികളുടെയും സംരക്ഷണം കാര്യക്ഷമമാക്കണം ആയത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കണം (ഉദാ -വളപുരം കുടിവെള്ള പദ്ധതി ,ചെറുകാട് ലിഫ്റ്റ് ഇറിഗേഷൻ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല )പുതിയ കെട്ടിടങ്ങൾക്ക് പൂർണ്ണ രൂപത്തിൽ ഉള്ള (സാനിറ്റേഷൻ,ഇലക്ട്രിഫിക്കേഷൻ അടക്കമുള്ളത് ) എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല. പഞ്ചായത്ത് ഓഫീസിലുള്ള ആസ്തികൾക്ക് നമ്പറിംഗ് നടത്തിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2018 | 11/2018 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 07/10/2017 | 2015-16 മുതൽ 2016-17 വരെ | 08.11.2017 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. AFS പ്രകാരം(I-6) Pension for unmarried women above 50 years 604100ആണ്.എന്നാൽ സേവന സോഫ്റ്റ് വെയർ പ്രകാരം 835400 ആണ് ചെലവ് (വ്യത്യാസം 231300 രൂപ അവസാന ഗഡു വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ്).
2. വാർഷികക്കണക്കിനൊപ്പം, മുൻവർഷത്തെ അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
3. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തില്ല.
4. മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. SSA ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.18 ലെ നീക്കിയിരിപ്പ് 6673 ആണ് .എന്നാൽ വാർഷിക കണക്ക് പ്രകാരം 6616 ആണ്. 25.3.18-ലെ പലിശ ഇനത്തിൽ ലഭിച്ച 57രൂപ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് , കളക്ഷൻ എന്നിവ 1251310 ആണ്. എന്നാൽ വാർഷിക കണക്കിൽ ഷെഡ്യൂൾ 1-1ൽ ഉൾപ്പെടുത്തിയ ഡിമാന്റ് , ഇനത്തിലും കളക്ഷൻഇനത്തിലും (RP-1) 1264810 ആണ്. (വത്യാസം- 13500)
7. വിവാഹ ധനസഹായം ഇനത്തിൽ ബിൽബുക്ക് പ്രകാരം 3,60,000 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് 300,000 രൂപയാണ്. (ഷെഡ്യൂൾ 1-6)(വ്യത്യാസം- 60,000)
8. തൊഴിലില്ലായ്മ വേതനം ബിൽബുക്ക് പ്രകാരം ആകെ ചെലവ് 25080 ആണ്. ഇതിൽ 1680 രൂപ ചലാൻ നമ്പർ KL007267417201718M/ 27.10.17 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. പ്രസ്തുത തുക കുറവ് ചെയ്യാതെയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
9. 2016-17 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-5(15) പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ 748553 (392658 + 355895) രൂപ യും തൻ വർഷം ഇനത്തിൽ 918506 (491595 +426911)രൂപ യും അടക്കം ആകെ 1667059പിരിച്ചെടുക്കാനുണ്ട്. എന്നാൽ സഞ്ചയ പ്രകാരം കുടിശ്ശിക ഡിമാന്റ് 1072877 ആണ്.
10. 2017-18 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി തൻ വർഷ കളക്ഷൻ 4268028 (219 7837+2070191) ആണ്. എന്നാൽ സഞ്ചയ പ്രകാരം ആയത് 4245742 ആണ്.
11. 2017-18 വാർഷിക കണക്കിൽ RP 43 പ്രകാരം വസ്തു നികുതി കുടിശ്ശികയിനത്തിൽ ആകെ 1031438 ( 667048+364390) രൂപ വരവുണ്ട്. എന്നാൽ സഞ്ചയ പ്രകാരം ആയത് 1010213 ആണ്.
12. ഷെഡ്യൂൾ ബി-4 പ്രകാരം ICDS (320100121) ഇനത്തിൽ 584680 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ട്രഷറി പാസ് ബുക്ക് പ്രകാരം വരവ് 584619 (2025+ 551206+31384) രൂപയാണ്.61 രൂപ വ്യത്യാസം
13. Treasury Special TSB (joint venture project) ബാങ്ക് ബുക്ക് പ്രകാരം 31.3.18 ലെ നീക്കിയിരിപ്പ് -83900 (മൈനസ് ബാലൻസ് )ആണ്.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

14.ഇ-ടെൻണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കാനുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

15.ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ 850000/-രൂപ (സംയുക്ത സംരംഭം )വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെണ്ടർ ഫീ -ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

2017-18 ൽ ഇ-ടെൻണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറത്തിൽ നിന്നും ലഭ്യമാക്കേണ്ട തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, പഞ്ചായത്ത് 2016-17, 2017-18 വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ബ്ലോക്ക് പഞ്ചാത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടില്ല. ലഭ്യമാക്കാനുള്ള തുക സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. തുക പഞ്ചായത്തിന്റെ ആസ്തി-ബാധ്യത കണക്കുകകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2017-18 ലെ ടെണ്ടർ വിവരം ചുവടെ ചേർക്കുന്നു

| പ്രൊജക്ട് നമ്പർ/പ്രവൃത്തി | അടങ്കൽ | കോൺട്രാക്ടർ | ടെണ്ടർ ഫീ |
|---|---|---|---|
| 166/18-ചെമ്മലശ്ശേരി പി.എച്ച്.സി ഫീഡിങ് റും | 800000 | മൊയ്തീൻ | 1600 |
| | | മുസ്തഫ | 1600 |
| 187/18 -ബഡ്സ് സ്കൂൾ നിർമ്മാണം | 3200000/- | ഹംസ | 3000 |
| | | ജിജേഷ് | 3000 |
| | | രാജേഷ് | 3000 |
| 198/18 -വളപുരം നീലിക്കാവ് റോഡ് | 1550000/- | ദിൽഷാദ് | 3000 |
| | | മൊയ്തീൻ | 3000 |
| 216/-18- ലക്ഷം വീട് സ്റ്റഡി റൂം നിർമ്മാണം | 613000/- | ദിൽഷാദ് | 1300 |
| | | മൊയ്തീൻ | 1300 |
| 181/18 -കിണർ സംരക്ഷണം | 600000/- | ദിൽഷാദ് | 1200 |
| | | മൊയ്തീൻ | 1200 |
| 199/18 - പാങ്ങിൽ ഇടവഴി ടാറിങ് | 1000000/- | ദിൽഷാദ് | 2000 |
| | | മൊയ്തീൻ | 2000 |
| 69/18-ചെമ്മലശ്ശേരി ലക്ഷം വീട് റോഡ് | 800000/- | ദിൽഷാദ് | 1600 |
| | | മൊയ്തീൻ | 1600 |

തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 രസീതി ബുക്കുകൾ പരിശോധന- അപാകതകൾ.

പഞ്ചായത്തിലെ രസീതി ബുക്കുകൾ മുഖേനയുള്ള പണം പിരിവ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.
2. അസി. എൻജിനീയർക്ക് അനുവദിച്ച 1702, 1703, 1713, 1719, 1723, 1731, 1733, 1734, 1737, 1750 രസീതി ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത തുക സംബന്ധിച്ച വരവുകൾ പരിശോധിക്കുന്നതിന് കളക്ഷൻ രജിസ്റ്റർ, പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. ഉപയോഗിക്കാത്ത രസീതി ബുക്കുകൾ തിരിച്ച് സ്റ്റോക്കിൽ ഉൾപ്പെടുത്തി വീണ്ടും ഇഷ്യൂ ചെയ്യുന്നില്ല.
4. രസീതി ബുക്കുകൾ കൈപ്പറ്റിയ ചില ഉദ്യോഗസ്ഥർ രജിസ്റ്ററിൽ ഒപ്പ് വെക്കുകയോ, കൈപ്പറ്റ് രസീതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

## 2-3 റെഗുലറൈസേഷൻ/വസ്തു നികുതി സംബന്ധിച്ച്.

ശ്രീ. ഷഫീഖ് & മുതൽപേർ, പൊളുവാചോലകലത്തിൽ എന്നയാൾ നിർമ്മിച്ച വാണിജ്യ കെട്ടിടം VIII/246/A-J റെഗുലറൈസേഷൻ നടത്തി നമ്പർ അനുവദിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1.റെഗുലറൈസേഷൻ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 32(2) പട്ടിക 2 പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് 55% [വില്ലേജ് പഞ്ചായത്ത് II] ആണ്. എന്നാൽ കവറേജ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ച മേൽ വാണിജ്യ കെട്ടിടം റെഗുലറൈസേഷൻ നടത്തി നമ്പർ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർമ്മാണത്തിന് അനുമതി നൽകിയത് [പെർമിറ്റ് പ്രകാരമുള്ള വിവരം -പെർമിറ്റ് നം. A4/275/2015, 03.06.2015] | | നിർമ്മിച്ചത് [കംപ്ലീഷൻ പ്ലാൻ/ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരമുള്ള വിവരം] | |
|---|---|---|---|
| Cellar Floor | 874.11 | Cellar Floor | 874.11 |
| Ground Floor | 872.08 | Ground Floor | 872.08 |
| First Floor | 872.08 | First Floor | 923.96 |
| Stair Floor | 43.29 | Stair Floor | 43.29 |
| Total | 2661.56 | Total | 2713.44 |
| പ്ലോട്ട് ഏരിയ | | | 1589 ച.മി |

കംപ്ലീഷൻ പ്ലാൻ പ്രകാരം പെർമിറ്റിൽ അധികരിച്ച വിസ്തീർണ്ണത്തിന് റെഗുലറൈസേഷൻ ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നികുതി ചുമത്തുകയാണ് ചെയ്തിട്ടുള്ളത്. പെർമിറ്റിൽ നിന്ന് വ്യതിചലിച്ചുള്ള ഒന്നാം നിലയിലെ അധിക നിർമ്മാണം മൂലം കെട്ടിടത്തിന്റെ കവറേജ് 58.15 %

മാണ് [923.96/ 1589]. ആയത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരം അനുവദിനീയമല്ല. ചട്ടം 134 പ്രകാരം പ്രസ്തുത ചട്ട ലംഘനം ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമില്ല.

2. വസ്തു നികുതി.

പ്രസ്തുത കെട്ടിടത്തിന് സാധാരണ നമ്പർ അനുവദിച്ച് വസ്തു നികുതി അനുവദിച്ചത് ക്രമ പ്രകാരമല്ല. ആയതിന് യു.എ നമ്പർ നൽകി നികുതി നിശ്ചയിക്കേണ്ടതാണ്. യു.എ നമ്പർ അനുവദിക്കുന്നതിന് മാത്രമാണ് വസ്തു നികുതി നിർണ്ണയിക്കുന്നത്, മറ്റ് ആവശ്യങ്ങൾക്ക് സാക്ഷ്യപത്രങ്ങൾ നൽകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

[ഓഡിറ്റ് എൻക്വയറി 10. അശ്രദ്ധമൂലമാണ് ക്രമ വിരുദ്ധമായി റെഗുലറൈസേഷൻ അനുവദിച്ചതെന്ന മറുപടി സ്വീകാര്യമല്ല].

## 2-4 വസ്തു നികുതി- പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്ന ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വസ്തു നികുതി വിജ്ഞാപനം [A4/9721/2011, dated 20.09.2011] പ്രകാരം 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 30/ച.മി നിരക്കിലും, 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 50/ച.മി നിരക്കിലുമാണ് വസ്തു നികുതി നിശ്ചയിച്ചിട്ടുള്ളത്. ഏതാനം വാണിജ്യ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസുകൾ പരിശോധിച്ചതിൽ, 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരമുള്ള കുറഞ്ഞ നിരക്കിൽ നികുതി അസസ്സ്മെന്റ് ചെയ്ത പല കെട്ടിടങ്ങളും (30/ച.മി നിരക്കിൽ) നികുതി നിർണ്ണയത്തിന് ശേഷം നികുതി നിരക്ക് കൂടിയ (50/ച.മി നിരക്കിൽ) കെട്ടിടങ്ങളായി ഉപയോഗപ്പെടുത്തുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | കെട്ടിട നമ്പർ / ആകെ വിസ്തീർണ്ണം/ ഉടമസ്ഥൻ | ഡി & ഒ ലൈസൻസ് വിവരം | അടവാക്കിയ നികുതി / അസസ്സ്മെന്റ് വർഷം | അടവാക്കേണ്ട നികുതി | ആകെ കുറവ് |
|---|---|---|---|---|---|
| 1 | VI/80 A-E [116 ച.മി] ശ്രീമതി, പ്രമീള നിളാപറമ്പത്ത്, T.N പുരം | B2/94/2017-18 റോയൽ ബജാജ് ഏജൻസീസ്. | 3828/- (From 2013- I Half) | 6380/- [(116*50)+10%] | 12760/- [(2552*5) ,From 2013- I Half] |
| 2 | VI A-I [115ച.മി] ശ്രീ. മുഹമ്മദ് കിഴക്കേതിൽ, | B2/130/2017-18 ക്യൂട്ട് ബൈക്ക്സ്. | 3978/- (From 2013- I Half) | 6325/- [(115*50)+10%] | 11735/- [(2347*5, From 2013-I Half] |

| | | | | | |
|---|---|---|---|---|---|
| | പുലാമന്തോൾ. | | | | |
| 3 | IX/5 C-E [269.55 ച.മി] പ്രസിഡന്റ്, നസ്റത്തുൽ ഇസ്ലാം, പുലാമന്തോൾ | B2/131/2017-18 KPK സ്റ്റീൽസ് | 8087/- (From 2016- I Half) | 13478/- [(269.55*50)] | 10782/- [(5391*2),From 2016-I Half) |
| 4 | I/201/ A-D [151.8 ച.മി] ശ്രീ.ഹംസ കാരയിൽ, ഓണപ്പുട | B2/249 /2017-18 സഫ ഫർണീച്ചർ | 5012/- (From 2015- II Half) | 8349/- [(151.8*50)+10%] | 8343/- [(3337*2.5),From 2015- II Half] |
| 5 | VIII/1017 C-F [111.12 ച.മി] അബ്ദുൽ അസീസ്, താവുള്ളി, പുലാമന്തോൾ | B2/340 /2017-18 ഇമേജ് മൊബൈൽസ് | 4003/- (From 2016- I Half) | 6668/- [(111.12*50)+20%] | 5330/- [(2665*2),From 2016- I Half] |

വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതും 2018-19 മുതൽ ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. കൂടാതെ തനത് വരുമാനത്തിൽ ഉണ്ടാവുന്ന ചോർച്ച തടയുന്നതിന് വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ റിപ്പോർട്ട് ലഭ്യമാക്കേണ്ടതും, ആയതിന്മേൽ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. [ഓഡിറ്റ് എൻക്വയറിക്ക് (16/2017-18) ലഭ്യമാക്കിയ മറുപടിയിൽ നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു].

## 2-5 ബിൽഡിംഗ് പെർമിറ്റ്/ റെഗുലറൈസേഷൻ -സംബന്ധിച്ച്.

താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ്/ റെഗുലറൈസേഷൻ അനുവദിച്ചപ്പോൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. [ഓഡിറ്റ് എൻക്വയറി നമ്പർ 11]

| ക്ര.ന | കെട്ടിട ഉടമയുടെ /കെട്ടിടത്തിന്റെ വിവരം | ബിൽഡിംഗ് പെർമിറ്റ്/ റെഗുലറൈസേഷൻ നമ്പർ | പ്ലോട്ടിന്റെ വിവരം | കെട്ടിടത്തിന്റെ വിസ്തീർണം | കവറേജ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഉമ്മർ, വിറളിക്കാട്ടിൽ ചേലക്കാട്. III/53 A-G [വാണിജ്യം] | A4/86/2017 തിയ്യതി 30.03.2017 | 162 $M^2$ നഞ്ച I [P.C.No. 22736938/ 23.1.2017] | BF- 103.47 $M^2$ GF- 103.47 $M^2$ FF- 103.47 $M^2$ TF- 8.58 $M^2$ | 63.9% (103.47/162) |
| 2 | സൈനബ & അക്ബർ വിറളിക്കാട്ടിൽ ചേലക്കാട്. III/54 A-I [വാണിജ്യം] | A4/79/2017 തിയ്യതി 20.03.2017 | 212 $M^2$ നഞ്ച I [P.C.No. 21307389/ 24.10.2016] | BF- 145.55 $M^2$ GF- 137.28 $M^2$ FF- 137.28 $M^2$ TF- 10.75 $M^2$ | 68.65% (145.55/ 212) |
| 3 | ഉസ്മാൻ, വിറളിക്കാട്ടിൽ ചേലക്കാട്. III/54 K-R [വാണിജ്യം +താമസം] | A4/88/2017 തിയ്യതി 30.03.2017 (regularisation) | 161 $M^2$ നഞ്ച I [P.C.No. 22694801/ 20.01.2017] | BF- 102.38 $M^2$ GF- 102.38 $M^2$ FF- 102.38 $M^2$ TF- 08.36 $M^2$ | 63.59% (102.38/161) |
| 4 | മുഹമ്മദ് മുസ്ഥഫ മുതൽ തേവർകളത്തിൽ, കുന്നപ്പള്ളി. III/53 U-T [വാണിജ്യം +താമസം] | A4/89/2017 തിയ്യതി 30.03.2017 | 162 $M^2$ നഞ്ച I [P.C.No. 22698268/ 20.01.2017] | BF- 102.11 $M^2$ GF- 102.11 $M^2$ FF- 102.11 $M^2$ TF- 07.84 $M^2$ | 63.03% (102.11/162) |

അപാകതകൾ.

1. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം റവന്യൂ രേഖകളിൽ നിലം, നെൽവയൽ വെറ്റ് ലാന്റ് എന്നീ ഇനം ഭൂമികളിൽ വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകാൻ പാടില്ല. [ 22.12.2016 ലെ 994733/ആർ.എ1/2016 ത.സ്വ.ഭ.വ സെർക്കുലർ പ്രകാരം പെർമിറ്റ് നൽകാമെന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സെർക്കുലറിലെ നിർദ്ദേശം 2,3 സാധൂകരിക്കുന്നതിനുള്ള രേഖകൾ (മുൻപ് അനുവദിച്ച പെർമിറ്റോ നിയമാനുസൃതമുള്ള കെട്ടിടം ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്നതിന് നികുതി അസസ്മെന്റ് രജിസ്റ്റർ) ലഭ്യമാക്കിയിട്ടില്ല.
2. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 32(2) പട്ടിക 2 പ്രകാരം മേൽ കെട്ടിടങ്ങൾക്ക് അനുവദനീയമായ കവറേജ് 55% [0.5 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള പ്ലോട്ടുകളിൽ ഒന്നിൽ കൂടുതൽ വിഭാഗത്തിൽ നിർമ്മാണമുണ്ടെങ്കിൽ ഏറ്റവും നിയന്ത്രണമുള്ള വിഭാഗത്തിന്റെ വ്യവസ്ഥകൾ മൊത്തം നിർമ്മാണങ്ങൾക്കും ബാധകമാക്കേണ്ടതാണ്] ആണ്. എന്നാൽ കവറേജ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് മേൽ കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി

നൽകിയിട്ടുള്ളത്. കൂടാതെ ചട്ടം 134 പ്രകാരം പ്രസ്തുത ചട്ട ലംഘനം ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമില്ല.

3. ഓവർസിയർ സൈറ്റ് പരിശോധനാ റിപ്പോർട്ടിൽ ചട്ട ലംഘനം റിപ്പോർട്ട് ചെയ്തിട്ടും സെക്രട്ടറി ആയത് പരിഗണിക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു.
4. മേൽ കെട്ടിടങ്ങളുടെ ബിൽഡിംഗ് പെർമിറ്റ്/ റെഗുലറൈസേഷൻ ഫയലുകൾ പഞ്ചായത്തിലെ അസി. എൻജിനീയർ പരിശോധന നടത്തിയിട്ടില്ല. [ജോലി തിരക്ക് മൂലമാണ് ഫയൽ നൽകാത്തത് എന്ന മറുപടി സ്വീകാര്യമല്ല].
5. കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന സമതിയുടെ ശുപാർശയിൽ കൃഷി ഓഫീസർ സാക്ഷ്യ പത്രം അനുവദിക്കുന്നതിന് മുമ്പ് തന്നെ സെക്രട്ടറി ഉടമകളിൽ നിന്നും പെർമിറ്റ്/ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുണ്ട് [ ഉദാ. ക്രമ.നം 3: കൃഷി ഓഫീസർ സാക്ഷ്യ പത്രം ഒപ്പ് വെച്ചത് 28.03.2017, പെർമിറ്റ്/ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിത് 18.03.2017/11605110223]. കൃഷി ഓഫീസർ ഒപ്പ് വെച്ചിട്ടുണ്ട് എന്ന ധാരണയിലാണ് പെർമിറ്റ് അനുവദിച്ചത് എന്ന സെക്രട്ടറിയുടെ മറുപടി സ്വീകാര്യമല്ല.

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത്/ റെഗുലറൈസേഷൻ അനുവദിച്ചത് കെട്ടിട നമ്പർ നൽകിയത് ക്രമപ്രകാരമല്ല. മേൽ പരാമർശത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൺവീനർക്ക് അധിക തുക നൽകിയത് സംബന്ധിച്ച്

അസി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് പ്രവർത്തികളിൽ (കൺവീനർ വർക്ക് ) എസ്റ്റിമേറ്റിൽ 7.5% നിരക്കിൽ ഓവർഹെഡ് ചാർജ്ജ് (ടാക്സ് അടവാക്കുന്നതിന്ന് )ഇനത്തിൽ തുക വകയിരുത്തിയിട്ടുള്ളതാണ് എന്നാൽ കൺവീനർക്ക് ബിൽ തുക നൽകിയപ്പോൾ ആദായ നികുതി 1% വെൽഫെയർ ഫണ്ട് 1% എന്നിവ മാത്രം കുറവ് ചെയ്ത് ജി.എസ്.റ്റി കുറവ് ചെയ്യാതെയും അടവാക്കാതെയും കൺവീനർക്ക് നൽകിയിട്ടുണ്ട് വിശദവിവരം ചുവടെ ചേർക്കുന്നു

| പ്രൊജക്റ്റ് /പേര് | പ്രവർത്തി മൂല്യം | നികുതി റിക്കവറികൾ | | |
|---|---|---|---|---|
| | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
| 146/18കാവുവട്ടം അംഗനവാടി<br>വൗച്ചർ നം-107A/17-18 | 550000/- | IT - 5500<br>W.F - 5500<br>GST -0 | IT - 1100<br>W.F - 5500<br>GST -27500 | IT - 5500<br>W.F - 0<br>GST-27500 |
| 150/18 ചേലാർക്കുന്ന് അംഗനവാടി<br>വൗച്ചർ നം-59/17-18 | ശ്രീമതി.അനിത<br>537000/- | IT - 5370<br>W.F - 5370<br>GST -0 | IT - 10740<br>W.F - 5370<br>GST -26850 | IT - 5370<br>W.F - 0<br>GST-26850 |

| | | | | |
|---|---|---|---|---|
| 160/18 ചിരട്ടാമല അംഗനവാടി<br>വൗച്ചർ നം-65/17-18 | ശ്രീമതി .ബുഷറ<br>130670/- | IT - 1306<br>W.F - 1306<br>GST -0 | IT - 2612<br>W.F - 1306<br>GST -6530 | IT - 1306<br>W.F - 0<br>GST -6530 |
| 161/18 -ആയുർവ്വേദ ഡിസ്പെൻസറി<br>വൗച്ചർ നം-129/17-18 | മുഹമ്മദ് മുസ്തഫ<br>189656/- | IT - 1897<br>W.F - 1897<br>GST -0 | IT - 3794<br>W.F - 1897<br>GST -9485 | IT - 1897<br>W.F - 0<br>GST-9482 |
| 162/18 ചാമക്കുണ്ട് അംഗനവാടി<br>വൗച്ചർ നം-81/17-18 | ശ്രീമതി.സുനിത<br>123480/- | IT - 1235<br>W.F - 1235<br>GST -0 | IT - 2470<br>W.F - 1235<br>GST -6174 | IT - 1235<br>W.F - 0<br>GST -6174 |
| 163/18വളപുരം GMUP സ്കൂൾ<br>വൗച്ചർ നം-108/17-18 | അച്ച്യുതൻമാസ്റ്റർ<br>958532 | IT - 9586<br>W.F -9586<br>GST -0 | IT - 19172<br>W.F -9586<br>GST -47926 | IT - 9586<br>W.F - 0<br>GST-47926 |
| 164/18 വടക്കൻ പാലൂർ അംഗനവാടി<br>വൗച്ചർ നം-106/17-18 | ശിഹാബ്<br>127292 | IT - 1273<br>W.F - 1273<br>GST -0 | IT - 2546<br>W.F - 1273<br>GST -6364 | IT - 1273<br>W.F - 0<br>GST -6364 |
| 165/18 ചെമ്മലശ്ശേരി പി.എച്ച്.സി<br>വൗച്ചർ നം-117/17-18 | ഹംസ<br>596107/- | IT - 5961<br>W.F - 5961<br>GST -0 | IT - 11922<br>W.F - 5961<br>GST -29805 | IT - 5961<br>W.F - 0<br>GST-29805 |
| 165/18 ചെമ്മലശ്ശേരി പി.എച്ച്.സി ഫീഡിങ്<br>വൗച്ചർ നം-125/17-18 | ഹംസ<br>799602/- | IT - 7996<br>W.F - 7996<br>GST -0 | IT - 15992<br>W.F - 7996<br>GST -39980 | IT - 7996<br>W.F - 0<br>GST-39980 |
| 225/18 -വളപുരം GMUP<br>വൗച്ചർ നം-107/17-18 | അച്ച്യുതൻമാസ്റ്റർ<br>255000/- | IT - 2550<br>W.F - 2550<br>GST -0 | IT - 5100<br>W.F - 2550<br>GST -12750 | IT - 2550<br>W.F - 0<br>GST-12750 |
| 236/18 കരുവമ്പലം GMUP<br>വൗച്ചർ നം-132/17-18 | ഹെഡ്മാസ്റ്റർ<br>296488/- | IT - 2964<br>W.F - 2964<br>GST -0 | IT - 5928<br>W.F - 2964<br>GST -12750 | IT - 2964<br>W.F - 0<br>GST-12750 |
| | | | ആദായനികുതി | 45638 |
| | | | ജി.എസ്.ടി | 226111 |
| | | | ആകെ | 271749 |

(ആദായ നികുതി, ജി.എസ്.റ്റി എന്നിവ പേയ്മെൻറ് നടത്തിയ ക്വാർട്ടറിൽ തന്നെ അടവാക്കാതിരിക്കുന്നത് നിർവ്വഹണോദ്യോഗസ്ഥന് മേൽ പിഴ ഈടാക്കാവുന്ന കുറ്റമാണ്) തുകയുടെ അടവ് വിവരം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം സാധൂകരിക്കുന്നതിന്ന് നടപടി സ്വീകരിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നമ്പർ 4/17-18/28.12.2018 )സമർപ്പിച്ച മറുപടിയിൽ രശീതി നമ്പർ 118050106342/5.1.2019 പ്രകാരം250464/-രൂപയും, രശീതി നമ്പർ 118050106313/4.1.2019 പ്രകാരം 15714/-രൂപയും അടക്കം 266178/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതായി അറിയിക്കുകയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തു . അടവാക്കാനുള്ള ബാക്കി ആദായ നികുതി 5571/-രൂപ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . പഞ്ചായത്തിൽ അടവാക്കിയ ആദായനികുതി 40067/-രൂപ ആദായ നികുതി വകുപ്പിലും ജി.എസ്.റ്റി ഇനത്തിൽ അടവാക്കിയ 226111/-രൂപ കൺസോളിഡേറ്റ് ഫണ്ടിലും അടവാക്കി രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

## 3-2 മരാമത്ത് -ബിൽഡിംഗ് പ്രവൃത്തിയിലെ സർവ്വീസ് ടാക്സ് അടവാക്കിയില്ല

2016-17 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി, അഗീകാരം വാങ്ങി നിർവ്വഹണം നടത്തി, 2017-18 ൽ പൂർത്തീകരിച്ച് ബിൽ നൽകിയ കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള സർവ്വീസ് ടാക്സ് ഇനത്തിലുള്ള തുക നിർവ്വഹണോദ്യോഗസ്ഥൻ അടവാക്കാതെ കോൺട്രാക്ടർക്ക് അനുവദിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നാൽ തുക അടവാക്കിയ ചലാൻ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .വിശദ വിവരം ചുവടെ ചേർക്കുന്നു

(1)

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് -76/18 – പഞ്ചായത്ത് ഓഫീസ് റൂഫ് ടോപ്പ് സംരക്ഷ ണം തനത് ഫണ്ട് | അടങ്കൽ -775000 /-<br>2014 DSR 36.19 ( COST INDEX ) |
| കോൺട്രാക്ടർ -ശ്രീ.ബിൽഷാദ് .കെ.പി | ചെക്ക് നം 1551502/31.3.2018 (ഫൈനൽ )<br>തുക -97330/ |
| എം ബുക്ക് -146/17<br>അടങ്കലിൽ ഉൾപ്പെട്ട 6% സർവ്വീസ് ടാക്സ് 46264/-രൂപ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട് .ആയതിൻെറ അടവ് വിവരം ലഭ്യമാക്കിയിട്ടില്ല | പ്രവർത്തി മൂല്യം -771062<br>(-) VAT 4% -30842<br>(-) I.T 1% -7711<br>(-) W.F 1% -7711<br>കോൺട്രാക്ടർ -724798/- |

(2)

| | |
|---|---|
| പ്രൊജക്ട് /പേര് -75/18 -പി.എച്ച് .സി വിശ്രമ കേന്ദ്രം | അടങ്കൽ -811008 /-<br>2014 DSR 36.19 ( COST INDEX ) |
| കോൺട്രാക്ടർ -ശ്രീ.ബിൽഷാദ് .കെ.പി | ബിൽ നമ്പർ -113/17-18/27.3.18 |

| | |
|---|---|
| | (ഫൈനൽ ബിൽ )<br>തുക -115758/-രൂപ |
| എം ബുക്ക് -144/17<br>അടങ്കലിൽ ഉൾപ്പെട്ട 10.5% സർവ്വീസ് ടാക്സ് 84789/-കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട് . ആയത് അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ല | പ്രവർത്തി മൂല്യം -807516/-<br>(-) VAT (4%) -32300<br>(-) I.T (1% ) -8075<br>(-) W.F (1%) -8075<br>കോൺട്രാക്ടർ -759059/- രൂപ |

ആകെ സർവ്വീസ് ടാക്സ് ഇനത്തിൽ 131053/- രൂപയുടെ (84789 +46264) അടവ് വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/17-18/28.12.2018) സമർപ്പിച്ച മറുപടിയിൽ രശീതി നമ്പർ 118050106342/5.1.2019 പ്രകാരം 131053/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിച്ചു. ആയതിൻെറ അടവ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. പഞ്ചായത്തിൽ അടവാക്കിയ തുക ആദായ നികുതി വകുപ്പിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം

താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ (വാട്ടർ അതോറിറ്റി) വിനിയോഗ സാക്ഷ്യപത്രം, എഗ്രിമെൻറ് എന്നിവ ഹാജരാക്കേണ്ടതാണ്

| പ്രോജക്ട് | പേര് | ബിൽ നമ്പർ | തുക |
|---|---|---|---|
| 177/18 | കുട്ടാവിൽ കുടിവെള്ള പദ്ധതി | 8/17-18/3.11.2017 | 75000 |
| 193/18 | പാലൂർ പൈപ്പ് ലൈൻ | 9/17-18/3.11.2017 | 40000 |
| 192/18 | നീളംക്കുന്ന് പൈപ്പ് ലൈൻ | 7/17-18/3.11.2017 | 74000 |
| 194/18 | ആലമ്പാറ പൈപ്പ് ലൈൻ | 6/17-18/3.11.2017 | 100000 |
| 183/18 | ചിരട്ടാമല പൈപ്പ് ലൈൻ | 5/17-18/3.11.2017 | 475000 |
| 183/18 | ചിരട്ടാമല പൈപ്പ് ലൈൻ | 45/17-18/3.2.2018 | 180000 |
| 221/18 | കരുവമ്പലം പൈപ്പ് ലൈൻ | 20/17-18/3.11.2017 | 190000 |
| 222/18 | യു.പി പൈപ്പ് ലൈൻ | 21/17-18/3.11.2017 | 130000 |
| 178/17-18 | കുട്ടാവിൽ പൈപ്പ് ലൈൻ | 44/17-18/27.1.2018 | 10000 |
| 153/17-18 | വളപുരം കുടിവെള്ള പദ്ധതി | 77/17-18/15.3.18 | 400000 |
| | | ആകെ | 1674000/- |

തുക തടസ്സപ്പെടുത്തുന്നു.

## 3-4 മരാമത്ത് പ്രവർത്തികൾ -അവലോകനം

2017-18 -ൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് 17-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളതിൽ 145 പ്രവർത്തികൾക്കാണ് അംഗീകാരം ലഭ്യമായത്. 12 പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. പശ്ചാത്തലമേഖലയിൽ 30942950/-രൂപ വകയിരുത്തിയതിൽ 24155519/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (78%). പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 5 യോഗമാണ് കൂടിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പദ്ധതികളിൽ അംഗീകാരം ലഭ്യമായവ സമയബന്ധിതമായി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. എന്നാൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കേണ്ടതും ഈ കണക്ടിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും ഉൾകൊള്ളിക്കേണ്ടതുമാണ്.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത ഇല്ല.

2017-18 -ൽ കരാർ മുഖേന നടത്തിയ ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് പേർ വീതമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും രേഖപ്പെടുത്തുന്നു. ഇ-ടെണ്ടർ ഒഴിവാക്കുന്നതിൻറ ഭാഗമായി മിക്ക പ്രൊജക്ടുകളും 5ലക്ഷത്തിൽ കുറവായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. മുൻ വർഷങ്ങളിൽ ഭാഗികമായി കൺവീനർ പ്രവൃത്തികളായി നിർവ്വഹണം നടത്തിയത് 2017-18 ൽ സർക്കാർ ഉത്തരവിന് വിധേയമായി പ്രൊജക്ടുകൾ ടെണ്ടർ മുഖേനയാക്കിയതിൽ ടെണ്ടർ സേവിങ്സ് ഇനത്തിൽ വലിയ തുക പഞ്ചായത്തിന് മിച്ചമുണ്ടായിട്ടുണ്ട്. ടെണ്ടർ നടപടികൾ മത്സരാധിഷ്ഠിതമാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

കൺവീനർ വർക്ക് അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ സ്പിൽ ഓവർ ആയും പുതിയ പ്രൊജക്ടുകളായും ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. ചെലവ് രേഖകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല.

കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല. പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും, കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവൃത്തിക്കും സംയുക്ത ബാങ്ക് അക്കൗണ്ട്

ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല. സംയുക്ത പാൻകാർഡ് ഹാജരാക്കിയിട്ടില്ല. ആദായ നികുതി 1 ശതമാനം നിരക്കിലാണ് ഈടാക്കിയിട്ടുള്ളത് . വരവ് ചെലവു കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷമ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സമിതിയുടെ മിനിറ്റ്സ് വരവ് ചെലവ് കണക്ക് അവതരിപ്പിച്ച് പാസ്സാക്കി ക്ലോസ്സ് ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നികുതിയിനത്തിൽ വകയിരുത്തിയ തുക അടവാക്കാതെ കൺവീനർക്ക് നൽകിയിട്ടുണ്ട്. മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

കാഷ് ബുക്ക് രേഖപ്പെടുത്തലുകൾ അപൂർണ്ണം

അസി.എഞ്ചിനീയറുടെ കാഷ് ബുക്ക് പരിശോധിച്ചതിൽ വൗച്ചർ നമ്പർ, ബിൽ നമ്പർ എന്നിവയ്ക്ക് ഏകീകരണമില്ല. ആയത് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ പ്രോജക്ട് ഫയലുകൾ കാഷ് ബുക്കുമായി ഒത്തുനോക്കുന്നതിന്ന് സാധിക്കുന്നില്ല. കാഷ്ബുക്കിൽ എല്ലാ വരവ് ചെലവുകളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ -ടെണ്ടർ നടപടികൾ സംബന്ധിച്ച് ഓരോ പേജിലും കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല . (ടെണ്ടർ ഉറപ്പിച്ചതായോ റീടെണ്ടർ നടപടിക്ക് ശുപാർശ ചെയ്തതായോ രേഖപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയാണ് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത് . നിശ്ചിത രജിസ്റ്ററിൽ പൂർണ്ണതോതിൽ രേഖപ്പെടുത്തലുകൾ നടത്തി ടെണ്ടർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ടെണ്ടർ ഫോം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 3-5 കുടിവെള്ള പദ്ധതി/ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ -ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല

2017-18 ൽ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന കുടിവെള്ള/ജലസേചന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ അവ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തവയാണെന്ന് കണ്ടു. വിശദവിവരം ചുവടെ ചേർക്കുന്നു

(1)

| | |
|---|---|
| പ്രോജക്ട് -179/17-18 വളപുരം കുടിവെള്ള പദ്ധതി | അടങ്കൽ 350000/- |
| കോൺട്രാക്ടർ -നയാഗ്ര ഏജൻസീസ് | ബിൽ നമ്പർ -41/17-18/28.1.18 |
| തുക 309000/- | എംബുക്ക് -52/17-18 |
| പദ്ധതിയുടെ ടെണ്ടർ ലഭിച്ച “നയാഗ്ര ഏജൻസീസ്”-ൻെറ പാൻകാർഡ് കോപ്പി ഹാജരാക്കിയിട്ടില്ല. പുതിയ മോട്ടോറിന്റെ വാറന്റി പേപ്പർ ഹാജരാക്കിയിട്ടില്ല. മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതി ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പ്രവൃത്തിയിൽ 20HP പഴയ മോട്ടോർ സ്റ്റോക്കിൽ എടുത്ത് പഞ്ചായത്തിന് കൈമാറിയ വിവരം ലഭ്യമാക്കേണ്ടതാണ് . | |

പ്രാദേശിക പരിശോധനയിൽ പഴയ രണ്ട് 20 HP സബ്‌മേഴ്സിബിൾ മോട്ടോറുകൾ മോട്ടോർ ഷെഡിൽ ഉപയോഗ ശൂന്യമായ നിലയിൽ കാണപ്പെട്ടു .ആയത് സ്റ്റോക്കിലെടുക്കുകയോ, പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല.ആയത് ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

(2)

| | |
|---|---|
| പ്രോജക്ട് -155/17-18ചെറുകാട് ലിഫ്റ്റ് ഇറിഗേഷൻ | അടങ്കൽ 700000/- |
| കോൺട്രാക്ടർ -ശ്രീ.മൊയ്തീൻ | ബിൽ നമ്പർ -121/17-18-/28.2.18 |
| തുക 400000/-(പാർട്ട് ബില്ല് ) | എംബുക്ക് -145/17-18 |
| പദ്ധതിയുടെ പ്രവർത്തനം ഗുണഭോക്തൃ സമിതിക്ക്കൈമാറിയതിന്റെ എഗ്രിമെൻറ് പകർപ്പ് ഹാജരാക്കിയിട്ടില്ല. | മോട്ടോറിന്റെ വാറന്റി പേപ്പർ ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |

പ്രാദേശിക പരിശോധനയിൽ മോട്ടോർ ഷെഡ്ഡ് സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് സ്ഥാപിച്ചതെന്ന് കണ്ടു. വാങ്ങിയ മോട്ടോർ പ്രളയത്തിൽ ഒഴുകി പോയതായും മോട്ടോർ സ്ഥാപിച്ച പ്ലാറ്റ് ഫോം തകർന്ന നിലയിലായതും കാണപ്പെട്ടു.അവശേഷിക്കുന്ന ജി.ഐ.പൈപ്പുകളും പി.വി.സി പൈപ്പുകളും ഉപയോഗശൂന്യമായ നിലയിൽ കാണപ്പെട്ടു ആയത് സ്റ്റോക്കിലെടുത്ത് ലേലം ചെയ്യേണ്ടതാണ്.

## 3-6 റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കാതെ കോൺട്രാക്ടർക്ക് ടെണ്ടർ തുകയിൽ അധികരിച്ച് തുക നൽകി

2017-18 ൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയ (2015 CPWD ഷെഡ്യൂൾ ഓഫ് റേറ്റ് സി.പി +കോസ്റ്റ് ഇൻഡക്സ് 40.2% ) പൊതുമരാമത്ത് പ്രവൃത്തികളിൽ കോൺട്രാക്ടർക്ക് നികുതി ഉൾപ്പെടെയുള്ള (lump -sum tatal ) എസ്റ്റിമേറ്റ് തയ്യാറാക്കി, ബിൽ തയ്യാറാക്കി തുക നൽകിയപ്പോൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതിനേക്കാൾ അധിക അളവിൽ പ്രവൃത്തി ചെയ്തു. നികുതിയ്ക്ക് വേണ്ടി ഉൾപ്പെടുത്തിയ തുക ഉൾപ്പെടെയുള്ള തുകയ്ക്ക് ബിൽ തയ്യാറാക്കിയാണ് തുക നൽകിയിട്ടുള്ളത്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (2012 ൽ പുതുക്കിയത് )ജി.ഒ.(പി) 13/2012/PWD /1.2.2012 ഉത്തരവ് പ്രകാരം (സെക്ഷൻ 16011.6 ) T.S ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുകയാണെങ്കിൽ (ഒറിജിനൽ എസ്റ്റിമേറ്റിൽ 5% അധികരിച്ചാലും ഐറ്റം 25% അധികരിച്ചാലും) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട്/പ്രവൃത്തി | അടങ്കൽ വിവരം | പ്രവൃത്തിമൂല്യം |
|---|---|---|
| 56/18-ഭൂതത്താൻ കടവ് റോഡ് കോൺക്രീറ്റ് | ടെൻണ്ടർ തുക -212652 | 231695/-രൂപ |

| | | |
|---|---|---|
| കോൺട്രാക്ടർ -ശ്രീ. മൊയ്തീൻ | L.S (GST) -21348<br>ആകെ - 234000 | ബിൽ -11/17-1/9.11.17<br>എംബുക്ക് -25/17-18 |
| 94/18 -സർക്കാർ കിണർ റോഡ്<br>കോൺട്രാക്ടർ -ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -181490<br>L.S (GST) -18510<br>ആകെ - 200000 | 200000/-രൂപ<br>ബിൽ -13/17-18/9.11.17<br>എംബുക്ക് -28/17-18 |
| 138/18 -പൂതാനി റോഡ്<br>കോൺട്രാക്ടർ -ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -320820<br>L.S (GST) -29180<br>ആകെ - 315000 | 315000/-രൂപ<br>ബിൽ -12/17-18/9.11.17<br>എംബുക്ക് -26/17-18 |
| 131/18 -സി.പി.കുളമ്പ് റോഡ് കോൺ.<br>കോൺട്രാക്ടർ -ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -176360<br>L.S (GST) -23640<br>ആകെ - 200000 | 200000/-രൂപ<br>ബിൽ -40/17-18/9.11.17<br>എംബുക്ക് -54/17-18 |
| 140/18 -പള്ളത്ത് റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -135818<br>L.S (GST) -14182<br>ആകെ -150000 | 150000/-രൂപ<br>ബിൽ -48/17-18/2.11.17<br>എംബുക്ക് -44/17-18 |
| 123/18 -മുണ്ടത്തടം റോഡ് കോൺക്രീറ്റ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -221322<br>L.S (GST) -28678<br>ആകെ -250000 | 250000/-രൂപ<br>ബിൽ -49/17-18/2.11.17<br>എംബുക്ക് -50/17-18 |
| 32/18-മാലപ്പറമ്പ് റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -357769<br>L.S (GST) -42231<br>ആകെ – 400000 | 400000/-രൂപ<br>ബിൽ -59/17-18/2.11.17<br>എംബുക്ക് -73/17-18 |
| 95/18-പാറക്കടവ്റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -225043<br>L.S (GST) -24957<br>ആകെ -250000 | 250000/-രൂപ<br>ബിൽ -56/17-18/2.11.17<br>എംബുക്ക് -74/17-18 |
| 35/18-ചേലക്കാട് റോഡ്<br>കോൺട്രാക്ടർ-ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -226066<br>L.S (GST) -23934<br>ആകെ -250000 | 250000/-രൂപ<br>ബിൽ -31/17-18/2.11.17<br>എംബുക്ക് -44/17-18 |
| 133/18ചാമക്കുണ്ട്റോഡ്<br>കോൺട്രാക്ടർ -ശ്രീ.റഹീം | ടെൻണ്ടർ തുക -180067<br>L.S (GST) -19933<br>ആകെ -200000 | 200000/-രൂപ<br>ബിൽ -30/17-18/2.11.17<br>എംബുക്ക് -49/17-18 |
| 113/18 -ഐങ്കടിക്കുളമ്പ് റോഡ്<br>കോൺട്രാക്ടർ -ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -313287<br>L.S (GST) -36713<br>ആകെ -350000 | 350000/-രൂപ<br>ബിൽ -15/17-18/2.10.17<br>എംബുക്ക് -27/17-18 |

| | | |
|---|---|---|
| 63/18-ചെട്ടിയങ്ങാടി റോഡ്<br>കോൺട്രാക്ടർ-ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -281684<br>L.S (GST) -33316<br>ആകെ -315000 | 315000/-രൂപ<br>ബിൽ -28/17-18/2.10.17<br>എംബുക്ക് -46/17-18 |
| 41/18-പൂക്കോട്ട് കുളം റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -179279<br>L.S (GST) -20721<br>ആകെ -200000 | 200000/-രൂപ<br>ബിൽ -88/17-18/2.3.18<br>എംബുക്ക് -80/17-18 |
| 41/18-പൂക്കോട്ട് കുളം റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -267507<br>L.S (GST) -32493<br>ആകെ -300000 | 300000/-രൂപ<br>ബിൽ -87/17-18/2.3.18<br>എംബുക്ക് -96/17-18 |
| 31/18-ചോല റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -178720<br>L.S (GST) -21280<br>ആകെ -200000 | 200000/-രൂപ<br>ബിൽ -79/17-18/2.3.18<br>എംബുക്ക് -107/17-18 |
| 139/18-എൻ.കെ കുളമ്പ് റോഡ്<br>കോൺട്രാക്ടർ-ശ്രീ.മൊയതീൻ | ടെൻണ്ടർ തുക-255006<br>L.S (GST) -24994<br>ആകെ -280000 | 280000/-രൂപ<br>ബിൽ -78/17-18/2.3.18<br>എംബുക്ക് -104/17-18 |
| 232/18-മക്കാട കുളം റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -224412<br>L.S (GST) -35588<br>ആകെ -260000 | 260000/-രൂപ<br>ബിൽ -111/17-18/2.3.18<br>എംബുക്ക് -129/17-18 |
| 112/18-ചക്കുങ്ങൽ റോഡ്<br>കോൺട്രാക്ടർ-ശ്രീ.ബിൽഷാദ് | ടെൻണ്ടർ തുക -314329<br>L.S (GST) -35671<br>ആകെ -350000 | 350000/-രൂപ<br>ബിൽ -134/17-18/2.3.18<br>എംബുക്ക് -80/17-18 |
| 62/18-പാലൂർ റോഡ്<br>കോൺട്രാക്ടർ-ശ്രീ.മൊയതീൻ | ടെൻണ്ടർ തുക -196245<br>L.S (GST) -23755<br>ആകെ -220000 | 220000/-രൂപ<br>ബിൽ -94/17-18/2.3.18<br>എംബുക്ക് -113/17-18 |
| 134/18-ആൽത്തറ റോഡ്<br>കോൺട്രാക്ടർ-ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക-216436<br>L.S (GST) -23564<br>ആകെ -240000 | 240000/-രൂപ<br>ബിൽ -104/17-18/2.3.18<br>എംബുക്ക് -117/17-18 |
| 137/18-ചിരട്ടമല റോഡ്<br>കോൺട്രാക്ടർ-ശ്രീ.മുഹമ്മദ് | ടെൻണ്ടർ തുക -221189<br>L.S (GST) -28811<br>ആകെ -250000 | 250000/-രൂപ<br>ബിൽ -137/17-18/2.3.18<br>എംബുക്ക് -80/17-18 |
| 117/18- വളപുരം റോഡ്<br>കോൺട്രാക്ടർ-SC/ST സർവ്വീസ് സൊസൈറ്റി | ടെൻണ്ടർ തുക -240493<br>L.S (GST) -29507 | 270000/-രൂപ<br>ബിൽ -141/17-18/2.3.18 |

| | | |
|---|---|---|
| | ആകെ -270000 | എംബുക്ക് -135/17-18 |
| 61/18-കിഴക്കേക്കരറോഡ്<br>കോൺട്രാക്ടർ-ശ്രീ.മൊയ്തീൻ | ടെൻണ്ടർ തുക -222529<br>L.S (GST) -27471<br>ആകെ -250000 | 250000/-രൂപ<br>ബിൽ -68/17-18/2.3.18<br>എംബുക്ക് -98/17-18 |
| ആകെ | 5934000 | |

നിലവിലുള്ള ടെണ്ടർ തുകയിൽ 5 ശതമാനത്തിൽ അധികരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കാതെ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. തുക തടസ്സപ്പെടുത്തുന്ന സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്

## 3-7 പട്ടിക ജാതിക്കാരായ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ - പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് – പട്ടിക ജാതിക്കാരായ ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ | അടങ്കൽ - 17,97,250 |
| ബിൽ നം. 05/12-02-18 : 8,90,000 (എസ്.സി.പി.)<br>നിർവ്വഹണം -ഹെഡ്മാസ്റ്റർ | ബിൽ നം. 05/12-02-18 : 8,90,000 (എസ്.സി.പി.)<br>ബിൽ നം. 07/15-03-18 : 1,00,000 (വികസന ഫണ്ട്)<br>ചെക്ക് നം. 7798482/23-02-18 : 8,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ചെക്ക് നം. 7798199/14-03-18 : 7,250 (തനത് ഫണ്ട്) |

പട്ടിക ജാതിക്കാരായ വിദ്യാർത്ഥികൾക്ക് മേൽ പ്രോജക്ട് പ്രകാരം 65 ലാപ് ടോപ്പുകൾ വിതരണം ചെയ്തതിൻെറ വിലയായ 17,97,250 രൂപ "ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ" കൊണ്ടോട്ടിക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൻെറ പരിശോധനയിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു :

1. ടെണ്ടറിൽ കുറഞ്ഞ നിരക്കായ 23,988 രൂപ രേഖപ്പെടുത്തിയ സൈസിൻ ടെക്നോളജി എന്നസ്ഥാപനത്തിന് പകരം 27,650 രൂപ രേഖപ്പെടുത്തിയ ആംസ്റ്റർ ബിസിനസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം പിന്നീട് പദ്ധതി ഏറ്റെടുക്കാൻ തയ്യാറായില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിൻേറയോ, ബന്ധപ്പെട്ടതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. ലാപ് ടോപ്പുകൾ വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും 5% സെക്യൂരിറ്റി

ഡെപ്പോസിറ്റ്(89,863 രൂപ) ഈടാക്കിയിട്ടില്ല.

3. ടെണ്ടറിൽ പങ്കെടുത്ത് 9 സ്ഥാപനങ്ങൾ അടവാക്കിയ ടെണ്ടർ ഫോറം വില (3,500+ GST)ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല.

4. 03.04.2017ലെ ജി.ഒ.(എം.എസ്)80/2017/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 11.8.6ൽ വ്യക്തമാക്കിയത് പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ (പോളിടെക്നിക്, കമ്പ്യൂട്ടർ സയൻസ്) എന്നീ കോഴ്സുകൾക്ക്പഠിക്കുന്നവിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ് ടോപ് നൽകാവുന്നത്. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ലാപ് ടോപ് നൽകിയിട്ടുള്ളത് :

| ക്ര. നം. | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|
| 1 | പ്രവീണ കട്ടഞ്ചേരി | പഠിക്കുന്ന കോഴ്സ് D.Ed |
| 2 | കീർത്തി രാധാകൃഷ്ണൻ | പഠിക്കുന്ന കോഴ്സ് M.Phil |
| 3 | കൃഷ്ണപ്രിയ മലയച്ചം പുലാക്കൽ | പഠിക്കുന്ന കോഴ്സ് M.Phil |
| 4 | ആദിത്ത് ചോലപ്പുറമ്പത്ത് | പഠിക്കുന്ന കോഴ്സ് I.T.I Draughtsman |
| 5 | അപർണ വി.പി. | പഠിക്കുന്ന കോഴ്സ് D.Ed |
| 6 | ബിനിഷ പട്ടമ്മാരുതൊടി | പഠിക്കുന്ന കോഴ്സ് D.Ed |
| 7 | ശാരിക പൊതുവാക്കത്ത് | പഠിക്കുന്ന കോഴ്സ് I.T.I Draughtsman |
| 8 | ജിഞ്ചു വിശ്വനാഥൻ | പഠിക്കുന്ന കോഴ്സസ് D.Ed |

മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 221200/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിൽ അടവാക്കേണ്ടതാണ്. അടവാക്കാത്ത 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് (89,863 രൂപ) ഈടാക്കേണ്ടതാണ് . ടെണ്ടറിൽ പങ്കെടുത്ത് 9 സ്ഥാപനങ്ങൾ അടവാക്കിയ ടെണ്ടർ ഫോറം വില (3,500+ GSTx9 )ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 3-8 കുടിവെള്ള കണക്ഷൻ നൽകൽ -സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് - കുടിവെള്ള കണക്ഷൻ (ജനറൽ) | അടങ്കൽ - 2,00,000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) |
| നിർവ്വഹണം- സെക്രട്ടറി | ബിൽ നം. 26/20-03-18 : 1,74,000 |

കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്നതിനായുള്ള മേൽ പ്രോജക്ട് പ്രകാരം

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കണക്ഷന് 41 ഗുണഭോക്താക്കൾക്ക് 4,000 രൂപ വീതവും, ഗുണഭോക്തൃ കമ്മിറ്റികൾ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളിൽ നിന്നുള്ള കണക്ഷന് 5 ഗുണഭോക്താക്കൾക്ക് 2,000 രൂപ വീതവും ആയി ആകെ 1,74,000 രൂപ പിൻവലിച്ചിട്ടുണ്ട്.

03.04.2017ലെ ജി.ഒ.(എം.എസ്)80/2017/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 8.5.2 ൽ വ്യക്തമാക്കിയത് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കേ സബ്സിഡി തുക നൽകാവൂ. എന്നാൽ, കേരള വാട്ടർ അതോറിറ്റി നൽകിയ വർക്ക് ഓർഡർ മാത്രമാണ് ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുള്ളത്. കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രൊജക്റ്റ് - അപാകതകൾ

പ്രോജക്റ്റ് – തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ - 14,00,000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)

ബിൽ നം. 27/20-03-18 : 13,14,750

15 മിനിമാസ്റ്റ്, 3 മീഡിയം മാസ്റ്റ്, സി.എഫ്.എൽ. എന്നിവ സ്ഥാപിക്കാനുള്ള മേൽ പ്രൊജക്റ്റിനായി ടെണ്ടർ ചെയ്തതിൽ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഉഷാ ഇലക്ട്രോണിക്സ് സിസ്റ്റംസ്, കുറ്റനാടിന്റെ ടെണ്ടർ, പഞ്ചായത്ത് തീരുമാനം നമ്പർ 2(2)/07.12.17 പ്രകാരം അംഗീകരിച്ചു. തുടർന്ന് 19.02.2018 ലെ UES/17-18/1120 നമ്പർ ഇൻവോയ്സ് പ്രകാരം 3X60W മിനിമാസ്റ്റ് ലൈറ്റുകൾ 27 എണ്ണം, 4X75W മിനിമാസ്റ്റ് ലൈറ്റുകൾ 4 എണ്ണം എന്നിവ ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്തതിനാൽ മേൽ ബില്ല് പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 8,14,750 രൂപ നൽകിയിട്ടുണ്ട്.

ഈ പ്രോജക്റ്റിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. പൊതുമരാമത്തു വകുപ്പ് വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി വാങ്ങിയ ശേഷമാണ് പ്രവൃത്തി ടെണ്ടർ ചെയ്യാവുന്നത്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി എന്നിവ ഫയലിൽ ലഭ്യമല്ല. നിർവ്വഹിച്ച പ്രവൃത്തി ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ലൈറ്റിന്റെയും ഫിറ്റിങ്ങുകളുടെയും ഗുണ നിലവാരം ക്ഷമതയുള്ള എഞ്ചിനീയർ പരിശോധിക്കാതെ വില മാത്രം അടിസ്ഥാനമാക്കിയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ഇത് മരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനമാണ്.

3. ഇലക്ട്രിക്ക് കോൺട്രാക്ട് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന ഇലക്ട്രിക്കൽ കോമ്പീറ്റൻസി സർട്ടിഫിക്കറ്റ് ആവശ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട ഉഷാ ഇലക്ട്രോണിക്സ് സിസ്റ്റംസ്, കുറ്റനാട് എന്ന സ്ഥാപനം ഈ ലൈസൻസ് ഹാജരാക്കിയിട്ടില്ല.

4. ആകെ ബിൽ തുകയായ 13,14,750 രൂപയിൽ നിന്നും റിട്ടൻഷൻ പിടിച്ച ശേഷം കരാറുകാരന് നൽകിയ 8,14,750 രൂപയിൽ നിന്നും താഴെ പറയും പ്രകാരം വരുമാന നികുതിയും, കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും ഈടാക്കേണ്ടിയിരുന്നു :

വരുമാന നികുതി @ 1% x 8,14,750 = 8,148

കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫും @ 1% x 8,14,750 = 8,148

ഇത് ഈടാക്കിയതായി കാണുന്നില്ല.

6-സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. വാർഡടിസ്ഥാനത്തിൽ വിവരശേഖരണം നടത്തിയതിന്റെ രേഖകൾ, വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

7-മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് KSEB യുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8-സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

9-814750 രൂപ കൈപ്പറ്റിയ സ്ഥാപനത്തിൻെറ രശീതി ലഭ്യമായിട്ടില്ല.

10-ടെണ്ടറിൽ പങ്കെടുത്ത 4 സ്ഥാപനങ്ങൾ അടവാക്കിയ ടെണ്ടർ ഫോറം വില

4 X (2,800+ GST) ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

11-പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകി (21/17-18/01.01.19). തുക തടസ്സപ്പെടുത്തുന്നു.

## 3-10 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വിനിയോഗിച്ചതിന്റെ വിവരം, രശീതി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | ബിൽ നം./തിയ്യതി | തുക | തുക അടവാക്കിയ സ്ഥാപനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| SSAവിഹിതം നൽകൽ നം. S0010/18 അടങ്കൽ : 7,00,000/- | 04/04-07-17 | 7,00,000 | ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.എ. മലപ്പുറം | രശീതി, വിശദമായ വിനിയോഗ സാക്ഷ്യപത്രം. |
| PMAY അധിക വിഹിതം | 09/19-08-17 | 2,25,000 | ബ്ലോക്ക് പഞ്ചായത്ത്, | രശീതി, വിശദമായ |

| | | | | |
|---|---|---|---|---|
| അടവാക്കൽ (എസ്.സി.പി.)<br>നം. S0209/18<br>അടങ്കൽ : 2,25,000/- | | | പെരിന്തൽമണ്ണ | വിനിയോഗ സാക്ഷ്യപത്രം. |
| സമ്പൂർണ്ണ വൈദ്യുതീകരണം തുക അടവാക്കൽ<br>നം. S0212/18<br>അടങ്കൽ : 3,00,000/- (തനത് ഫണ്ട്) | വൗച്ചർ നം. 21700413/ 16-09-17 | 3,00,000 | കെ.എസ്.ഇ.ബി, പെരിന്തൽമണ്ണ | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| | ആകെ | 12,25,000 | | |

രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മുഴുവൻ തുകയും നൽകിയില്ല.

| | |
|---|---|
| പ്രൊജക്ട് : S0 156/18 , ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | അടങ്കൽ -14,00,000 /- |
| നിർവ്വഹണം - ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ചെലവ് -795500 |

03.04.2017ലെ ജി.ഒ.(എം.എസ്)80/2017/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 10.3.4 ൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ വിശദമാക്കിയിട്ടുണ്ട്.

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം വിതരണം ചെയ്തതിൽ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ മുഴുവൻ തുകയും നൽകിയിട്ടുണ്ടെങ്കിലും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല. പ്രസ്തുത കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു:

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|
| 43 | [(1000+1000)x12)+1500+2000]X43= [27,500x43] = 11,82,500 | 18500x43=7,95,500 | 3,87,000 |

വിനോദയാത്ര നടത്തുന്നപക്ഷം ഓരോ വിദ്യാർത്ഥിക്കും 1,000/- രൂപ കൂടി ലഭിക്കാൻ ഇതിനു പുറമെ അർഹതയുണ്ട്. സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് തൻവർഷം 3,87,000/- രൂപയുടെ ധനസഹായം കുറവായാണ് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് തുക നൽകുന്നതിന്ന് മുൻകൂട്ടി സർവ്വേ നടത്തി ആവശ്യമായ തുക വകയിരുത്തുന്നതിന് ബന്ധപ്പെട്ട സ്ഥിരം സമിതികൾക്ക് ശുപാർശ ചെയ്യാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്

## 3-12 വനിതകൾക്ക് ഫലവൃക്ഷതൈ വിതരണം-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്റ്റ് നമ്പർ | 17/18 |
| പ്രോജെക്റ്റിന്റെ പേര് | വനിതകൾക്ക് ഫലവൃക്ഷതൈ വിതരണം |
| അടങ്കൽ | 126000 – വികസനഫണ്ട്<br>126000-ഗുണഭോക്തൃ വിഹിതം |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി-5/3-8-17 |
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ബിൽ നമ്പർ 6/17-18 തി.31-10-17 പ്രകാരം വികസനഫണ്ടിൽ നിന്നും 1,26,000 പിൻ വലിക്കുകയും ഗുണഭോക്തൃ വിഹിതം 1,26,000 രൂപയും ഉൾപ്പെടുത്തി 2,52,000 രൂപയ്ക്ക് ടെണ്ടർ നടപടിയിലൂടെ മുംതാസ ഗ്രീൻ ഗാർഡൻ ചെമ്മലശ്ശേരിയിൽ നിന്നും നാല് ഇനം ഫലവൃക്ഷതൈകൾ വാങ്ങിയിട്ടുണ്ട്.(4000 എണ്ണം).ആയത് സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.ഇതു സംബന്ധിച്ച് നമ്പർ 6/28-12-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മാനദണ്ഡങ്ങൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ധനവിനിയോഗ രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

## 3-13 അഗതിരഹിതകേരളം- പദ്ധതി അംഗീകാരമായില്ല.

നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർസേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതിരഹിതകേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ(എംഎസ്) 252/2017 തസ്വഭവ 12-12-17 പ്രകാരം പുറപ്പെടുവിച്ചതാണ്.

ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടാത്തവരും അർഹതയുള്ളവരുമായവരെ കണ്ടെത്തുവാൻ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രത്യേകം ബാധകമായതും കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ളതുമായ ക്ലേശഘടകങ്ങളുടെ വിശദാംശങ്ങൾ മാർഗ്ഗരേഖയിൽ

വ്യക്തമാക്കുന്നുണ്ട്.ആകെ അടങ്കൽ തുകയുടെ 10% ജില്ലാപഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത് ക്രമത്തിൽ സമാഹരിക്കുകയും 35% ഗ്രാമപഞ്ചായത്തും 40% ചലഞ്ച് ഫണ്ടും വകയിരുത്തിയുമാണ് അഗതിരഹിതകേരളം പദ്ധതി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി സി ഡി എസ് അഗതിരഹിതകേരളം പദ്ധതി ഓൺലൈനായി തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാനാണ് നിർദ്ദേശം.

പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തുടർ സേവനം നൽകുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | 149/18 | ആശ്രയ പദ്ധതി | 7,00,000 |
| 2 | 151/18 | ആശ്രയ പദ്ധതി പട്ടികവർഗ്ഗം | 10996 |

നിലവിൽ 1-11-18 ന് ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ (40106100112960 KGB പുലാമന്തോൾ) 20057 രൂപ നീക്കിയിരിപ്പുണ്ട്.

പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ അഗതിരഹിത കേരളം പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി അന്തിമലിസ്റ്റ് നാളിതുവരെ അംഗീകരിച്ചിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര നടപടിയുണ്ടാകേണ്ടതാണ്.

## 3-14 ജൈവവൈവിധ്യ രജിസ്റ്റർ-വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 98813 രൂപ ചെലവഴിച്ച് (ചെക്ക് നമ്പർ 7798969/27-3-18) ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ എന്ന പദ്ധതി പ്രകാരം (പ്രോജെക്ട് നമ്പർ 172/18) ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി ക്രോഡീകരണ ക്ലാസ്സിനായി ചെലവഴിച്ച 2000 രൂപയുടെ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 25/4-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വൗച്ചറുകൾ ഹാജരാക്കുന്നത് വരെ 2000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-15 ചെലവഴിക്കാത്ത തുക തിരിച്ചു നൽകേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 24/18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പ്രകാരം 1,00,000 രൂപ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ധനസഹായമായി ലഭിച്ചിട്ടുണ്ട്. ആയതിൽ 93,900 രൂപ ചെലവഴിച്ചിട്ടുണ്ട്.(ചെക്ക് നമ്പർ 7798488/27-3-18). അവശേഷിക്കുന്ന 6100 രൂപ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-16 രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ / ചെക്ക് നമ്പർ, തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | 21701176/31-03-18 | ശ്രീമതി ശാന്തി R.K, സീനിയർ ക്ലർക്കിൻെറ ഓണം അഡ്വാൻസ് തുക വില്യാപ്പള്ളി ഗ്രാമ പഞ്ചായത്തിലേക്ക് അയച്ച് കൊടുത്തത്. | 6,000 | വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രശീതി |
| 2 | 2700539/01-11-17 | ISO സർട്ടിഫിക്കേഷൻ : സർവ്വൈലൻസ് ഓഡിറ്റിന് തുക നൽകൽ | 25,800 | ISO സർവ്വൈലൻസ് ഓഡിറ്റ് വിഭാഗത്തിന്റെ രശീതി |
| | | ആകെ | 31,800 | |

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 31,800 രൂപ തടസ്സം ചെയ്യുന്നു.

## 3-17 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യൽ (A.M.C) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് – തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യൽ (A.M.C)

അടങ്കൽ - 3,40,000 (തനത് ഫണ്ട്)

വൗച്ചർ നം.21700296/01-08-17 : 1,50,000

വൗച്ചർ നം.21701226/31-03-18 : 1,90,000

വൗച്ചർ നം.21600999/24-03-17 : 1,50,000

സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പ്രൊജക്ടിൽ കരാറുകാരനായ ശ്രീ.ഷംസുദ്ദീൻ പിലാക്കോളിലിന് 2017-18ൽ 3,40,000 രൂപയും, 16-17 ൽ 1,50,000 രൂപയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :

1.ആകെ നൽകിയ 4,90,000 രൂപയിൽ നിന്ന് വരുമാന നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്, 1% KCWWF ഈടാക്കിയിട്ടില്ല. 4900 രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

2.വൗച്ചർ നം.21701226/31-03-18 പ്രകാരം പിൻവലിച്ച 1,90,000 ചെലവ് സ്റ്റേറ്റ്മെൻറിൽ ഉൾപ്പെട്ടിട്ടില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള പരാതി റജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്ക് (24/17-18 /04.01.19) നൽകിയ മറുപടിയിൽ തുക അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-18 ഇൻകം ടാക്സ് മാസംതോറും അടവാക്കിയില്ല

ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ തന്നെ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും പ്രതീക്ഷിത വരുമാനവും കിഴിവുകളും കണക്കുകൂട്ടി പ്രതീക്ഷിത ടാക്സ് കണ്ടെത്തി അതിന്റെ പന്ത്രണ്ടിൽ ഒരു ഭാഗം ഓരോ മാസവും ശമ്പളത്തിൽ നിന്നും കുറയ്ക്കണം. ടാക്സ് വിഹിതം കുറച്ചതിനു ശേഷമേ ശമ്പളം വിതരണം നടത്താവൂ എന്ന് ഇൻകം ടാക്സ് ആക്ടിന്റെ സെക്ഷൻ 192 നിഷ്കർഷിക്കുന്നു.

2017 മാർച്ച് മാസത്തെ ബില്ല് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ ഓരോ ഉദ്യോഗസ്ഥൻേറയും 2017-18 സാമ്പത്തികവർഷത്തെ ടാക്സ് കണക്കാക്കി ഏപ്രിൽ ആദ്യം കാഷ് ചെയ്യുന്ന ശമ്പളത്തിൽ തന്നെ കുറയ്ക്കണം. ടാക്സ് കുറയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കുറക്കേണ്ട മാസം മുതൽ കുറച്ച മാസം വരെ ഒരു മാസത്തിന് 1% നിരക്കിൽ DDO പലിശ അടയ്ക്കണം. ഈ പലിശ ആ ക്വാർട്ടറിന്റെ TDS ഫയൽ ചെയ്യുന്നതിന് മുമ്പായി അടയ്ക്കണമെന്നും വ്യവസ്ഥയുണ്ട്. ഇത് കൂടാതെ section 201 പ്രകാരം നടപടികൾക്കും വിധേയമാകാം.

ഏതെങ്കിലും ജീവനക്കാർക്ക് ലഭിച്ച ശമ്പളത്തിലോ കിഴിവുകളിലോ വ്യത്യാസം വന്നത് മൂലം ടാക്സിൽ വലിയ മാറ്റമുണ്ടായാൽ തുടർന്നുള്ള മാസങ്ങളിൽ പിടിക്കുന്ന ടാക്സിന് അതിനനുസരിച്ച് മാറ്റങ്ങൾ വരുത്താം. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ഇൻകം ടാക്സ് 39,000 രൂപ വർഷാവസാനം വൗച്ചർ നം. 21701177/31-03-18 പ്രകാരം മാത്രമാണ് അടവാക്കിയിട്ടുള്ളത്.

അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-19 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം പിൻവലിച്ച ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം, പേറിവിഷൻ അരിയർ, ഇൻക്രിമെൻറ് കുടിശ്ശിക എന്നിവയുടെ 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ശമ്പളത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം./തിയ്യതി | പേര്, തസ്തിക, റിമാർക്സ് | അടിസ്ഥാന ശമ്പളം |
|---|---|---|---|
| 1 | 21700060/02-05-17 | ഉമൈബ.ടി.ടി, അസി. സെക്രട്ടറി ശമ്പള പരിഷ്കരണ കുടിശ്ശിക | 33,564 |
| 2 | 21700120/23-05-17 | ജീവനക്കാരുടെ ശമ്പള | 1,45,717 |

| | | | |
|---|---|---|---|
| | 21700121/23-05-17 | പരിഷ്കരണ കുടിശ്ശിക | 24,612 |
| 3 | 21700175/09-06-17 | ശ്രീ. പി.കെ.ഖാലിദ്, സെക്രട്ടറിയുടെ ശമ്പള പരിഷ്കരണ കുടിശ്ശിക | 32,158 |
| 5 | 21700210/29-06-17 | ശ്രീ. ടി. നാരായണൻകുട്ടി, ക്ലർക്കിന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക | 14,105 |
| 6 | 21700212/29-06-17 | ശ്രീമതി ജസീറ പി.എ, ക്ലർക്കിന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക | 14,092 |
| 7 | 21700264/14-07-17 | ജീവനക്കാരുടെ ശമ്പളം | 18,506 (pay – 23,567) |
| 8 | 21700426/20-09-17 | ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക | 43,925 |
| 9 | 21700427/20-09-17 | ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക | 81,211 |
| 10 | 21700445/26-09-17 | ശ്രീ. പ്രഭാകരൻ പരി, സെക്രട്ടറിയുടെ ശമ്പളം | 8,501 (pay - 7,210) |
| 11 | 21700456/03-10-17 | ഉമൈബ.ടി.ടി, അസി. സെക്രട്ടറി ശമ്പള പരിഷ്കരണ കുടിശ്ശിക | 26,987 |
| 12 | 21700458/03-10-17 | ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക | 2,23,638 |
| 13 | 21700705/29-12-17 | ബിനോജ് എബ്രഹാം, ക്ലർക്കിന്റെ ഇൻക്രിമെന്റ് കുടിശ്ശിക | 66,896 (pay – 54,643) |
| 14 | 21700745/06-01-18 | അമ്മാളു, ഓഫീസ് അസിസ്റ്റന്റിന്റെ ഇൻക്രിമെന്റ് കുടിശ്ശിക | 57,829 |

കുടിശ്ശിക ശമ്പളത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-20 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം

കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രാഥമിക പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട് 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ 2017-18 പ്രവർത്തനം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ 2017-18 വർഷത്തിലെ പി.എം.സി യോഗങ്ങളുടെ മിനുടസ് പരിശോധിച്ചതിൽ 2017-18 വർഷത്തിൽ യോഗങ്ങൾ ചേർന്നിട്ടില്ല.
2. പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽവെച്ച് ഓരോ മാസത്തിലും അവലേകനയോഗങ്ങൾ നടത്തേണ്ടതും യോഗത്തിൽ മുൻ മാസം നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും വരവ് ചെലവുകണക്കുകളും നഴ്സ് അവതരിപ്പിക്കേണ്ടതുമാണ്. കൂടാതെ അടുത്തമാസത്തേക്കുള്ള പ്രവർത്തന രൂപരേഖ എഴുതി തയ്യാറാക്കേണ്ടതും റിപ്പോർട്ടും കണക്കും ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഉണ്ടായിട്ടില്ല.
3. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിറ്റർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രോജക്ടുകളുടേയും മോണിറ്റർ നടത്തണം. എന്നാൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.
4. ഗ്രാമപഞ്ചായത്തിലെ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ഈ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സിൽ ഇപ്രകാരമുള്ള അജണ്ടയോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും, പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല.
6. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, മേൽ പരാമർശങ്ങളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണ സമതി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ [PHC] നിർവ്വഹണം നടത്തിയ ചെമ്മല PHC -യിലേക്ക് മരുന്ന് വാങ്ങൽ

[129/18], പരിരക്ഷ പാലിയേറ്റീവ് കെയർ [88/18] എന്നീ പ്രോജക്ടുകൾ പ്രകാരം മൊത്തം 329999/- രൂപ KMSCL -ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി [12.12.2018] വരെ 119994/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | ബിൽ നമ്പർ/ തിയ്യതി | അടവാക്കിയ തുക | മരുന്ന് ലഭിച്ചത് (തുക) | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നത് (തുക) |
|---|---|---|---|---|
| ചെമ്മല PHC -യിലേക്ക് മരുന്ന് വാങ്ങൽ [129/18] | | | | |
| 01 | 04/2017-18,13.10.2017 | 150000 | 119994 | 180005 |
| 02 | 13/2017-18,26.03.2018 | 149999 | | |
| പരിരക്ഷ പാലിയേറ്റീവ് കെയർ [88/18] | | | | |
| 03 | 03/2017-18,13.10.2017 | 30000 | - | 30000 |
| ആകെ | | 329999 | 119994 | 210005 |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാകാനുള്ള മരുന്നുകളുടെ വിലയിനത്തിലുള്ള 210005 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ (152/18) | 100000 | 0 |
| | 2017-18 | 552500 | സമഗ്ര നെൽകൃഷി വികസനം -ജനറൽ (14/18) | 552500 | 0 |
| | 2017-18 | 85000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് നൽകൽ (16/18) | 85000 | 0 |
| | 2017-18 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (24/18) | 93900 | 6100 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 500000 | കാവുവട്ടം അംഗനവാടി നിർമ്മാണം (146/18) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ (156/18) | 349900 | 100 |
| | 2017-18 | 552500 | സമഗ്ര നെൽകൃഷി വികസനം -ജനറൽ (14/18) | 552500 | 0 |
| | 2017-18 | 800000 | പട്ടികജാതിക്കാരയ ബിരുദ/ ബിരുദാന്തര പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ (85/18) | 800000 | 0 |
| | 2017-18 | 500000 | ചേലാർക്കുന്ന് അംഗനവാടി നിർമ്മാണം (150/18) | 500000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കുകൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | കുട്ടാവിൽ കുടിവെള്ള പദ്ധതി | 8/17-18 /3.11.2017 | 75000 | 0 | ഇല്ല | 75000 |
| KWA | പാലൂർ പൈപ്പ് ലൈൻ | 9/17-18 /3.11.2017 | 40000 | 0 | ഇല്ല | 40000 |
| KWA | നീളംക്കുന്ന് പൈപ്പ് ലൈൻ | 7/17-18 /3.11.2017 | 74000 | 0 | ഇല്ല | 74000 |

| | | | | | | |
|---|---|---|---|---|---|---|
| KWA | ആലമ്പാറ പൈപ്പ് ലൈൻ | 6/17-18 /3.11.2017 | 100000 | 0 | ഇല്ല | 100000 |
| KWA | ചിരട്ടാമല പൈപ്പ് ലൈൻ | 5/17-18 /3.11.2017 | 475000 | 0 | ഇല്ല | 475000 |
| KWA | ചിരട്ടാമല പൈപ്പ് ലൈൻ | 45/17-18 /3.2.2018 | 180000 | 0 | ഇല്ല | 180000 |
| KWA | കരുവമ്പലം പൈപ്പ് ലൈൻ | 20/17-18 /3.11.2017 | 190000 | 0 | ഇല്ല | 190000 |
| KWA | യു.പി പൈപ്പ് ലൈൻ | 21/17-18 /3.11.2017 | 130000 | 0 | ഇല്ല | 130000 |
| KWA | കുട്ടാവിൽ പൈപ്പ് ലൈൻ | 44/17-18 /27.1.2018 | 10000 | 0 | ഇല്ല | 10000 |
| KWA | വളപുരം കുടിവെള്ള പദ്ധതി | 77/17-18 /15.3.18 | 400000 | 0 | ഇല്ല | 400000 |

## 4-3 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, | ചാർജ്ജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | റവന്യൂ റിക്കവറിയിലൂടെ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ | അവശേഷിക്കുന്ന |
|---|---|---|---|---|---|---|---|---|

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | നമ്പറും തിയ്യതിയും | തുക | തുക(രസീത് നമ്പർ, തിയ്യതി) | ഈടാക്കിയ തുക,രസീത് | ഉൾപെട്ട തുക | ഈടാക്കിയ തുക | തുക | തുക |
| | | | | | | | | | | |
| | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 86770576 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81679970 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 221200/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10517555/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 221200 | ഹെഡ്മാസ്റ്റർ ,ശ്രീ.അച്യുതൻ മാസ്റ്റർ |
| | | 221200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1674000 | അസി.എൻജിനിയർ ,ശ്രീ.അരുൺ |
| 3-6 | 5934000 | അസി.എൻജിനിയർ ,ശ്രീ.അരുൺ |
| 3-9 | 1314750 | സെക്രട്ടറി ശ്രീ.പി.പി.വിനോദ് |
| 3-10 | 1225000 | സെക്രട്ടറി (പ്രഭാകരൻ പരി -700000/-നാരായണൻ എം.എം-225000/-ശ്രീമതി.സുധ.എസ്.-300000/- |
| 3-12 | 126000 | കൃഷി ഓഫീസർ ശ്രീ. ഉണ്ണികൃഷ്ണൻ |
| 3-14 | 2000 | കൃഷി ഓഫീസർ ശ്രീമതി. പ്രശാന്തി |
| 3-16 | 31800 | സെക്രട്ടറി (ശ്രീമതി.സുധ എസ്.25800/- ശ്രീ.പി.പി.വിനോദ്-6000/-) |
| 3-21 | 210005 | മെഡിക്കൽ ഓഫീസർ ഡോ. ഭവിത |
| ആകെ | 10517555/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹെഡ്മാസ്റ്റർ,ശ്രീ.അച്യുതൻമാസ്റ്റർ | ഹെഡ്മാസ്റ്റർ ,പുലാമന്തോൽ ഗവ.യു.പി സ്കൂൾ | തെക്കേപിഷാരം (ഹൗസ് ),പാലൂർ,പുലാമന്തോൾ,മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.14/1010/97/19-10-2010 | 21 |
| 1997-98 | എൽ.എഫ്.എം.13/3275/14/11-12-14 | 07 |
| 1998-99 | എൽ.എഫ്.എം.13/3276/14/11-12-14 | 08 |
| 1999-2000 | എൽ.എഫ്.എം.13/3277/14/11-12-14 | 38 |
| 2000-01 | എൽ.എഫ്.എം.13/3278/14/11-12-14 | 03 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1402/03/19-10-10 | 10 |

| | | |
|---|---|---|
| | | |
| 2001-02 (വരവ്) | എൽ.എഫ്.എം.1010/09/19-10-10 | 3 |
| 02-03 | എൽ.എഫ്.എം.12/583/08/19-10-10 | 14 |
| 03-04 | എൽ.എഫ്.എം.12/584/08/19-10-10 | 4 |
| 04-05 | എൽ.എഫ്.എം.17/1822/10/01-12-10 | 3 |
| 05-06 | എൽ.എഫ്.എം.12/586/08/19-10-10 | 9 |
| 06-07 | എൽ.എഫ്.എം.12/587/08/19-10-10 | 15 |
| 07-08 | എൽ.എഫ്.എം.12/1332/11/21-11-11 | 15 |
| 08-09 | എൽ.എഫ്.എം.12/1333/11/11-10-11 | 19 |
| 09-10, 10-11 | എൽ.എഫ്.എം.13/2532/13/17-01-14 | 10 |
| 11-12, 12-13 | കെ.എസ്.എ.എം.പി.എം.13/2745/15/22.04.16 | 23 |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം.27/187/16/28.07.16 | 34 |
| 15-16 | കെ.എസ്.എ.എം.പി.എം.27/2999/16/09.01.17 | 20 |
| 16-17 | കെ.എസ്.എ.എം.പി.എം.27/2999/16/09.01.17 | 23 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1

-

കെ.എസ്.എ.എം.പി.എം.27/1317/2017

തിയതി 03.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ